ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാർക്ക് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന നടപടി

116 (707) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പ്രതിമാസ വാടക ഇനത്തിൽ ഈടാക്കുന്ന തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജനിയർമാരുടെ ആഫീസുകളിൽ സൂക്ഷിക്കുന്നുണ്ടോ ;

(ബി) ഇത്തരം ജീവനക്കാർ റിട്ടയർ ചെയ്യുകയോ മറ്റു രീതിയിൽ ക്വാർട്ടേഴ്സുകൾ ഒഴിയുകയോ ചെയ്യുന്ന സമയത്ത് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനായി ക്വാർട്ടേഴ്സ് ലഭിച്ച തീയതി മുതൽ ഒഴിയുന്ന തീയതിവരെയുള്ള പ്രതിമാസ വാടക സംബന്ധിച്ച സ്റ്റേറ്റുമെന്റ് ആവശ്യപ്പെടാറുണ്ടോ ;

(സി) ശമ്പള ബിൽ മുഖേന പിടിക്കുന്ന വാടക തുക സംബന്ധിച്ച കണക്കുകൾ യഥാസമയം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകുകയും അവിടെ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഗവൺമെന്റ് ക്വാർട്ടേഴ്സിലെ ജീവനക്കാർ റിട്ടയർ ചെയ്യുമ്പോഴോ ക്വാർട്ടേഴ്സ് ഒഴിയുമ്പോഴോ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ;

(ഇ) ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കണക്ക് നൽകുന്നതിനും അതു സംബന്ധിച്ച കൃത്യമായ കണക്ക് എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസിൽ സൂക്ഷിക്കുന്നതിനും ക്വാർട്ടേഴ്സ് ഒഴിയുന്ന മുറയ്ക്കു തന്നെ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇത്തരം ജീവനക്കാരിൽ നിന്ന് വാടകയിനത്തിൽ ഈടാക്കുന്ന തുക സംബന്ധിച്ച കണക്കുകൾ തിരുവനന്തപുരം ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ആഫീസിൽ സൂക്ഷിക്കുന്നുണ്ടോയെന്നും അവിടെ നിന്നും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ജി) ഈയിനത്തിൽ ഈടാക്കുന്ന തുക സംബന്ധിച്ച ഏത് വർഷം വരെയുള്ള കണക്കുകൾ പ്രസ്തുത ആഫീസിൽ ഇപ്പോൾ ലഭ്യമാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ കണക്കുകൾ അപ്ഡേറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ശമ്പള ബിൽ മുഖേന പിടിക്കുന്ന തുക സംബന്ധിച്ച കണക്കുകൾ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ നൽകാറില്ല. റിട്ടയർ ചെയ്യുന്ന സമയത്തോ ക്വാർട്ടേഴ്സ് ഒഴിയുമ്പോഴോ വാടക സംബന്ധിച്ച കണക്കുകൾ അതാതു വകുപ്പുകളിൽ നിന്നും വാങ്ങി നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

(ഇ) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം കണക്കുകൾ ലഭ്യമാവുകയാണെങ്കിൽ ക്വാർട്ടേഴ്സ് ഒഴിയുന്ന മുറയ്ക്കുതന്നെ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(എഫ്-എച്ച്) വിവിധവകുപ്പുകളിൽ നിന്നും ലഭിക്കുന്ന കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും കാലതാമസമില്ലാതെ നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുക സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ജീവനക്കാർ ജോലി ചെയ്യുന്ന ആഫീസുകളിൽ മാത്രമേ സൂക്ഷിക്കുന്നുള്ളു.

കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക

117 (709) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിൽ 2001 ഫെബ്രുവരി 1 വരെ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പണം നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബില്ല് മാറികിട്ടാത്തതിനാൽ തളിപ്പറമ്പിലെ ഒരു പി.ഡ്ബ്ലു.ഡി കോൺട്രാക്ടറായ സി.ജെ. ജേക്കബ് ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഓരോ ജില്ലയിലും 1-2-2001-ന് എത്ര രൂപയാണ് പി.ഡബ്ലു.ഡി കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 2001 ഫെബ്രുവരി 1 -ലെ കണക്കനുസരിച്ച് 100.71 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. മറ്റു വിഭാഗങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശികത്തുക കൊടുത്തു തീർത്തുകൊണ്ടിരിക്കുന്നു.

(സി) ശ്രീ. സി. ജെ. ജേക്കബ് ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly